പെട്രോൾ ബങ്കുകളിലെ കൃത്രിമം

1252. [1866] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ ബങ്കുകളിൽ, വാഹനങ്ങൾക്ക് പെട്രോൾ അടിക്കുമ്പോൾ അളവിൽ കൃത്രിമം കാണിച്ചതിനും, പെട്രോളിൽ മായം ചേർത്തതിനും ഈ വർഷം 20-10-1986 വരെ എത്ര കേസ്സുകൾ എടുത്തു ;

(ബി) ഇത്തരം പ്രവർത്തികൾ തടയാൻ എന്തു നടപടികൾ എടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇക്കാര്യത്തിനുവേണ്ടി സ്പെഷ്യൽ സ്ക്വാഡിനെ നിയമിക്കാമോ ?

ഉത്തരം

(എ) പെട്രോൾ ബങ്കുകളിൽ കൃത്രിമം കാണിച്ചതിന് എട്ട് പെട്രോൾ ബങ്കുടമകളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്.

(ബി) ഇത്തരം പ്രവൃത്തികൾ തടയാൻ ഇപ്പോഴത്തെ സംവിധാനങ്ങൾ നിലവിലുണ്ട്. അളവുകളും തൂക്കങ്ങളും വകുപ്പും പോലീസ് വകുപ്പും സിവിൽസപ്ലൈസ് വകുപ്പും കൂടാതെ, ഓയിൽ കമ്പനി ഉദ്യോഗസ്ഥൻമാരും ബങ്കുകൾ യഥാസമയങ്ങളിൽ പരിശോധിച്ച് കുറ്റക്കാരെ കണ്ടുപിടിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ പെട്രോൾ ബങ്കുകളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് അപര്യാപ്തമാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് പ്രത്യേകം സ്ക്വാഡ് രൂപീകരിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

വിദ്യുച്ഛക്തി കണക്ഷനുകൾ

1253. [1867] ശ്രീ. വി. കെ. രാജൻ :
,, കെ. വി. സുരേന്ദ്രനാഥ് :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. എം. കെ. കേശവൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ പവർകട്ട് നിർത്തലാക്കിയതിനുശേഷം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽനിന്നും എത്ര വൈദ്യുത കണക്ഷനുകൾ പുതുതായി നൽകി ;

(ബി) പ്രയോറിട്ടി അടിസ്ഥാനത്തിൽ നൽകിയ കണക്ഷനുകൾ എത്ര ;

(സി) കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ നൽകിയ കണക്ഷനുകൾ എത്ര ;

(ഡി) കാർഷികാവശ്യങ്ങൾക്കുവേണ്ടി നൽകിയ കണക്ഷനുകൾ

LIBRARY ARCHIVES Kerala Legislative Assembly